## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2194** — 5/5/2017-ലെ മറുപടിയ്ക്ക്

## ഭിന്നശേഷിക്കാരുടെ തൊഴിൽ അവസരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി. പി. അയിഷാ പോറ്റി** | ശ്രീ. റ്റി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഭിന്നശേഷിക്കാരുടെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാൻ സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ; | എ) സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടുപോയ ഭിന്നശേഷിക്കാരുടെ സമഗ്ര തൊഴിൽ പുനരധിവാസം ലക്ഷ്യമാക്കി എംപ്ലോയ്മെന്റ് വകുപ്പ് മുഖേന 'കൈവല്യ' എന്ന നവീന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ (1)കരിയർ ഗൈഡൻസ്, മോട്ടിവേഷൻ, തൊഴിൽ സാധ്യതകളെ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ നൽകുന്നതിനായുള്ള "വൊക്കേഷണൽ & കരിയർ ഗൈഡൻസ്" , (2) ഭിന്നശേഷിക്കാരെ തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കുന്നതിനുള്ള "കപ്പാസിറ്റി ബിൽഡിംഗ്" , (3) തൊഴിൽ മേഖലകളിലെ മത്സരപ്പരീക്ഷകളിൽ പങ്കെടുത്തു വിജയം വരിക്കുന്നതിനായി "മത്സരപ്പരീക്ഷാ പരിശീലനം" (4) സ്വയംതൊഴിൽ സംരംഭങ്ങൾക്കായി "പലിശ രഹിത വായ്പ്പാ പദ്ധതി" എന്നിങ്ങനെ നാല് ഘടകങ്ങളുണ്ട്.<br><br>എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന "ശരണ്യ" സ്വയംതൊഴിൽ സഹായ പദ്ധതിയിലും ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് നാമനിർദ്ദേശം നല്കുമ്പോൾ ഭിന്നശേഷിയുള്ളവർക്ക് മുൻഗണന നല്കുന്നുണ്ട്. |

എംപ്ലോയ്മെന്റ് വകുപ്പ് മുഖേനയുള്ള നിയമനങ്ങളിൽ, അർഹതപ്പെട്ട ഒഴിവുകളിലേക്ക് ഭിന്നശേഷിയുള്ളവർക്ക് 3% സംവരണം നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു.

ബി) സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ വിവരശേഖരണം ജില്ലാ അടിസ്ഥാനത്തിൽ പൂർത്തീകരിച്ചിട്ടുണ്ടോ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

ബി) സംസ്ഥാനത്തെ മുഴുവൻ ഭിന്നശേഷിക്കാരുടെയും വിവരങ്ങൾ തൊഴിൽ വകുപ്പിൽ ലഭ്യമല്ല. എന്നാൽ, സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 61912 ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | ഭിന്നശേഷിക്കാരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 11351 |
| കൊല്ലം | 6765 |
| പത്തനംതിട്ട | 2362 |
| ആലപ്പുഴ | 4449 |
| കോട്ടയം | 3569 |
| ഇടുക്കി | 1640 |
| എറണാകുളം | 5671 |
| തൃശ്ശൂർ | 4357 |
| പാലക്കാട് | 3955 |
| മലപ്പുറം | 4975 |
| കോഴിക്കോട് | 6460 |
| വയനാട് | 1169 |
| കണ്ണൂർ | 3287 |
| കാസറഗോഡ് | 1902 |
| **ആകെ** | **61912** |

സെക്ഷൻ ഓഫീസർ